പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

## 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്)

2019 ജൂലൈ 2-ാം തീയതി സമർപ്പിച്ചത്
(Presented on 2nd July 2019)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII

# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

**2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

(കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്)

739/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VII
## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)
## (2019-2021)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. എം. എം. മണി,
വൈദ്യുതി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.

ശ്രീ. കെ. ദാസൻ, "

ശ്രീ. ടി. വി. ഇബ്രാഹിം, "

ശ്രീ. എം. രാജഗോപാലൻ, "

ശ്രീ. വി. പി. സജീന്ദ്രൻ, "

ശ്രീ. തോമസ് ചാണ്ടി, "

ശ്രീ. പി. ഉണ്ണി, "

ശ്രീമതി വീണാ ജോർജ്ജ്. "

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

## അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള മൂന്നാമത് റിപ്പോർട്ടിലെ തൊഴിലും നൈപുണ്യവും, ഊർജ്ജം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി VII-ന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2018 ഫെബ്രുവരി 26-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടി സ്റ്റേറ്റുമെന്റുകൾ സമിതിയുടെ 16-1-2019, 28-6-2019 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

28-6-2019-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു

തിരുവനന്തപുരം,
2019 ജൂൺ 28.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

# റിപ്പോർട്ട്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും.

## തൊഴിലും നൈപുണ്യവും വകുപ്പ്

### ശിപാർശ

2230-01-001-99—ഭരണവും നടത്തിപ്പും

വിഹിതം : 6,48,10,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ ലേബർ കമ്മീഷണറുടെയും അദ്ദേഹത്തിന്റെ ഓഫീസിലെ ജീവനക്കാരുടെയും വേതനം, വെള്ളക്കരം, ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലിഫോൺ ചെലവ്, ഔദ്യോഗിക ഭാഷാപ്രയോഗം, ഇന്ധനം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഭരണവും നടത്തിപ്പും-വെള്ളക്കരം [05(1)] ഇനത്തിൽ 3,00,000 രൂപയും, വൈദ്യുത ചെലവ് [05(2)] ഇനത്തിൽ 8,00,000 രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 2,00,000 രൂപയും, ഔദ്യോഗിക ഭാഷാ പ്രയോഗം (26) ഇനത്തിൽ 1,00,000 രൂപയും; വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 3,00,000 രൂപയും, ഇന്ധനം (45) ഇനത്തിൽ 3,00,000 രൂപയും, ഉൾപ്പെടെ ആകെ 20,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സർക്കാർ സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗം മുഖേന 2230-01-001-99-05-01—വെള്ളക്കരം ശീർഷകത്തിൽ 1,85,000 രൂപ അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ ആകെ ലഭിച്ച 2,35,000 (B.E 1,00,000 + R.E 1,85,000) രൂപയിൽ നിന്ന് 1,96,905 രൂപ ചെലവഴിക്കുകയും ബാക്കി തുകയായ 88,095 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

2230-01-001-99-05-02—വൈദ്യുത ചെലവ് ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന 4,88,000 രൂപ അനുവദിച്ചിരുന്നു. ആകെ ലഭിച്ച 14,88,000 (B.E 10,00,000 + A.A 4,88,000) രൂപയിൽ നിന്ന് 14,87,552 രൂപ ചെലവഴിക്കുകയും ബാക്കി തുകയായ 448 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

2230-01-001-99-05-03—ടെലിഫോൺ ചാർജ്ജ് ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 3,28,000 രൂപയിൽ 2,56,158 രൂപ മാത്രം വിനിയോഗിക്കുകയും ബാക്കി തുകയായ 71,842 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

2018 നവംബർ മാസത്തിൽ പ്രളയമായിരുന്നതിനാൽ ഔദ്യോഗിക ഭാഷാപ്രയോഗം സംബന്ധിച്ച പരിപാടികൾ സംഘടിപ്പിക്കാത്തതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ 30,000 രൂപ വിനിയോഗിക്കുകയുണ്ടായില്ല.

2230-01-001-99-00-21(2)—വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴി 26,000 രൂപ അനുവദിക്കുകയുണ്ടായി. ടി ശീർഷകത്തിൽ ആകെ അനുവദിച്ച 2,40,000 രൂപയിൽ (B.E 2,14,000 + R.E 26,000) 2,35,770 രൂപ ചെലവഴിക്കുകയും 4230 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

2230-01-001-99-00-45—ഇന്ധനം ശീർഷകത്തിൽ ധനപുനഃവിനിയോഗം മുഖേന 25,000 രൂപ അനുവദിച്ചിരുന്നു. ടി ശീർഷകത്തിൽ ആകെ ലഭിച്ച 5,10,000 രൂപയിൽ (B.E 4,85,000 + R.E 25,000) 4,83,955 രൂപ ചെലവഴിക്കുകയും 26,045 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

<u>ശിപാർശ</u>

2230-01-101-99—<u>കുറഞ്ഞകൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്</u>

വിഹിതം : 46,59,000 രൂപ (പദ്ധതിയേതരം)

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലെ ജീവനക്കാരുടെയും യാത്രാബത്ത, ഇന്ധനം എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, യാത്രാബത്ത [04(1)] ഇനത്തിൽ 5,00,000 രൂപയും ഇന്ധനം (45) ഇനത്തിൽ 1,00,000 രൂപയും ഉൾപ്പെടെ ആകെ 6,00,000 രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഷയനിർണ്ണയ സമിതിയുടെ ശിപാർശ പ്രകാരം കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡിന് യാത്രാബത്ത ഇനത്തിൽ 2230-01-101-99-04-1 (NP) എന്ന ശീർഷകത്തിൽ 5,00,000 രൂപയും (അഞ്ച് ലക്ഷം രൂപ മാത്രം) ഇന്ധനയിനത്തിൽ 2230-01-101-99-45-പി.ഒ.എൽ. (NP) എന്ന ശീർഷകത്തിൽ 1,00,000 രൂപയും (ഒരു ലക്ഷം രൂപ മാത്രം) അധികധനാനുമതി വഴി അനുവദിച്ചു കൊണ്ട്

7-11-2018-ലെ സ.ഉ.(സാധാ.) നമ്പർ 9213/2018/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 19-11-2018-ലെ സ.ഉ.(സാധാ.)1324/2018/തൊഴിൽ നമ്പർ പ്രകാരം മേൽ തുക വിനിയോഗിക്കുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശിപാർശ

2230-01-102-98—തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്

വിഹിതം : 3,79,38,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ ചീഫ് ഇൻസ്പെക്ടർ ഓഫീസിന്റെയും പ്ലാന്റേഷൻ ഓഫീസുകളിലെയും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, യാത്രാബത്ത, വാടക, കരം, നികുതി എന്ന ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2,00,000 രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 2,00,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 5,00,000 രൂപയും ഉൾപ്പെടെ ആകെ 9,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗ/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

2230-01-102-98-01(4)—ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 2,10,000 രൂപയിൽ 1,71,345 രൂപ വിനിയോഗിക്കുകയും ബാക്കി തുകയായ 38,655 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

ബഡ്ജറ്റിൽ 2230-01-102-98-04(1) യാത്രാബത്ത ശീർഷകത്തിൽ അനുവദിച്ച 2,00,000 രൂപയിൽ 1,98,787 രൂപ വിനിയോഗിക്കുകയും 1213 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

2230-01-102-98-00-06 വാടക, കരം, നികുതി ശീർഷകത്തിൽ ധനപുനഃവിനിയോഗം മുഖേന 6,75,000 രൂപ അനുവദിക്കുകയുണ്ടായി. ബഡ്ജറ്റിൽ ആകെ ലഭ്യമായ 9,35,000 രൂപയിൽ (B.E 2,60,000 + R.E 6,75,000) 8,45,506 രൂപ വിനിയോഗിക്കുകയും 89,494 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

ശിപാർശ

2230-01-103-99—ക്ഷേമകാര്യ പ്രവർത്തനങ്ങൾ (ജനറൽ)

വിഹിതം : 18,08,80,000 രൂപ (പദ്ധതിയേതരം)

101 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെയും 5 ഡെപ്യൂട്ടി ലേബർ ഓഫീസുകളുടെയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ ടെലിഫോൺ ചാർജ്ജസ് എന്ന ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക കുറവായതിനാൽ, ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 7,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

2230-01-103-99-05(3)—ശീർഷകത്തിൽ റീഅപ്രോപ്രിയേഷൻ മുഖേന 3,00,000 രൂപ അനുവദിക്കുകയുണ്ടായി. ആകെ ലഭ്യമായ 8,00,000 രൂപയിൽ 7,38,993 രൂപ വിനിയോഗിക്കുകയും 61,007 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

ശിപാർശ

2230-01-103-96-10—കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി അംശദാനം-സംഭാവന

വിഹിതം : 4,80,00,000 രൂപ (പദ്ധതിയേതരം)

കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി പ്രകാരം 2017-18-ലെ പെൻഷൻ കുടിശ്ശികയും 2018-19-ലെ പെൻഷൻ വിതരണത്തിനും അധിക തുക ബോർഡിന് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 79,20,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് ഡിസംബർ 2017 മുതൽ മാർച്ച് 2018 വരെയുള്ള പെൻഷൻ വിതരണം നടത്തുന്നതിന് 28,25,55,000 രൂപ അനുവദിച്ചിരുന്നു, ബോർഡിൽ നീക്കിയിരിപ്പുണ്ടായിരുന്ന 5,19,070 രൂപയും ചേർത്ത് ആകെ 28,30,74,070 രൂപ അംഗങ്ങൾക്ക് പെൻഷനായി വിതരണം ചെയ്തിട്ടുണ്ട്.

ഏപ്രിൽ 2018 മുതൽ ജൂലൈ 2018 വരെയുള്ള പെൻഷൻ വിതരണം നടത്തുവാൻ അനുവദിച്ച 29,24,84,000 രൂപയിൽ ആകെ 28,88,53,087 രൂപ പെൻഷനായി വിതരണം ചെയ്തിട്ടുണ്ട്.

ആഗസ്റ്റ് 2018 മുതൽ നവംബർ 2018 വരെയുള്ള പെൻഷൻ വിതരണം നടത്തുവാൻ അനുവദിച്ച 28,25,29,393 രൂപ അനുവദിച്ചിരുന്നു. ടി തുകയും ബോർഡിൽ നീക്കിയിരുപ്പുണ്ടായിരുന്ന 29,53,907 രൂപയും ചേർത്ത് ആകെ 28,54,83,300 രൂപ പെൻഷനായി വിതരണം ചെയ്തിട്ടുണ്ട്.

ഡിസംബർ 2018 മുതൽ ഏപ്രിൽ 2019 വരെയുള്ള കാലയളവിലെ പെൻഷൻ വിതരണത്തിനായി 37,14,38,890 രൂപ അനുവദിക്കുകയും പെൻഷൻ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. വിതരണശേഷമുള്ള തിരിച്ചടവ് നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

ശിപാർശ

2230-01-103-94-10—മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ) സംഭാവന

വിഹിതം : 3,00,00,000 രൂപ (പദ്ധതിയേതരം)

മരംകയറ്റ തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടം സംഭവിക്കുകയാണെങ്കിൽ അവർക്കോ അവരുടെ ആശ്രിതർക്കോ സാമ്പത്തിക സഹായം നൽകുന്ന വകയിൽ 2017-18-ലെ കുടിശ്ശിക ഉൾപ്പെടെ 2018-19-ലെ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 2,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം നല്കുന്നതിന് സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള തുക അനുവദിക്കാൻ നിർവ്വാഹമില്ല എന്നും 2017-18 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് (detailed expenditure statement) ലഭ്യമാക്കുന്ന മുറയ്ക്കും നടപ്പ് സാമ്പത്തിക വർഷം ടി ശീർഷകത്തിൽ ബാക്കിയുള്ള തുക വിനിയോഗിച്ച ശേഷം ആവശ്യമെങ്കിൽ ധനപുനഃവിനിയോഗ സാധ്യത പരിശോധിച്ച് തുക കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കുന്നപക്ഷവും അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും ധനകാര്യവകുപ്പ് അറിയിച്ചിട്ടുള്ള വിവരം വിഷയ നിർണ്ണയസമിതിയെ സവിനയം അറിയിക്കുന്നു.

ശിപാർശ

2230-01-103-92-10—കേരളത്തിലെ കൈത്തറി തൊഴിലാളികൾക്കു വേണ്ടിയുള്ള ക്ഷേമപദ്ധതി-സംഭാവന

വിഹിതം : 2,00,00,000 രൂപ (പദ്ധതിയേതരം)

2017-18-ലെ പെൻഷൻ കടിശ്ശിക കൊടുത്തുതീർക്കുന്നതിനും 2018-19-ലെ പെൻഷൻ വിതരണത്തിനുള്ള തുകയും ഉൾപ്പെടെ അധിക തുക ആവശ്യമാണെന്ന് കാണുന്നതിനാൽ ഈ ശീർഷകത്തിൽ 11,88,77,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2018 ജൂലൈ മാസം വരെയുള്ള പെൻഷൻ വിതരണത്തിനും കടിശ്ശിക പെൻഷൻ വിതരണത്തിനുമായി 2230-01-103-92-10-NP ശീർഷകത്തിൽ ഈ വർഷം ആകെ 8,08,24,000 രൂപ അനുവദിച്ച് നൽകിയിട്ടുള്ള സാഹചര്യത്തിൽ വിഷയനിർണ്ണയ സമിതി ശിപാർശയുടെ അടിസ്ഥാനത്തിലുള്ള തുക ഇപ്പോൾ അനുവദിക്കാനാവില്ല എന്നും തുകയുടെ യഥാർത്ഥ ആവശ്യകത വരുന്ന മുറയ്ക്ക് ശിപാർശ പരിശോധിച്ച് ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ള വിവരം സമിതി മുൻപാകെ അറിയിക്കുന്നു.

<u>ശിപാർശ</u>

2230-01-103-88-10—<u>കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം-സംഭാവന</u>

വിഹിതം : 40,61,000 രൂപ (പദ്ധതിയേതരം)

മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഈ ക്ഷേമപദ്ധതിക്കായി 2017-18 വരെ സർക്കാർ വിഹിതമായി ലഭിക്കേണ്ട കടിശ്ശികയും 2018-19-ലെ വിഹിതവും ഉൾപ്പെടെ ഈ ശീർഷകത്തിൽ 7,86,02,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-103-88-10 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 40,61,000 രൂപയുടെ 80% തുകയായ 32,48,800 (മുപ്പത്തി രണ്ട് ലക്ഷത്തി നാൽപ്പത്തി എണ്ണായിരത്തി എണ്ണൂറ്) രൂപ അനുവദിച്ചിട്ടുണ്ട്. സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശിപാർശ

2230-01-103-87-10—പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം-സംഭാവന

വിഹിതം : 80,00,000 രൂപ (പദ്ധതിയേതരം)

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2018-19 സാമ്പത്തിക വർഷത്തേക്ക് എക്സ്ഗ്രേഷ്യ ധനസഹായം നൽകുന്നതിന് കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 8,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

2018-ലെ ഓണത്തോടനുബന്ധിച്ച്, പൂട്ടിക്കിടക്കുന്ന 447 കശുവണ്ടി ഫാക്ടറികളിലെ 44, 579 തൊഴിലാളികൾക്ക് 2,000 രൂപ നിരക്കിൽ എക്സ്ഗ്രേഷ്യാ വിതരണത്തിനും കിലോയ്ക്ക് 25 രൂപ നിരക്കിൽ സപ്ലൈകോ/കൺസ്യൂമർഫെഡ് എന്നീ സ്ഥാപനങ്ങൾ വഴി 10 കിലോ വീതം അരി വിതരണം ചെയ്യുന്നതിനും '2230-01-103-87-10 NP' ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 80,00,000 രൂപയും (എൺപത് ലക്ഷം രൂപ മാത്രം) അധിക തുകയായി അനുവദിച്ച് 9,23,03,000 രൂപയും (ഒൻപത് കോടി ഇരുപത്തി മൂന്ന് ലക്ഷത്തി മൂവായിരം രൂപ മാത്രം) ചേർത്ത് ആകെ 10,03,03,000 രൂപ (പത്ത് കോടി മൂന്ന് ലക്ഷത്തി മൂവായിരം രൂപ മാത്രം) 4-8-2018-ലെ സ.ഉ.(സാധാ) നമ്പർ 910/2018/ തൊഴിൽ പ്രകാരം അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ വിഷുവിനോടനുബന്ധിച്ച് പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2,000 രൂപ സമാശ്വാസ ധനസഹായം നൽകുന്നതിനായി മേൽ ശീർഷകത്തിൽ അധിക തുകയായി 6,94,56,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എക്സ്ഗ്രേഷ്യ വിതരണം ചെയ്യുന്നതിലേക്കായി 8,65,80,196 രൂപ (എട്ട് കോടി അറുപത്തിയഞ്ച് ലക്ഷത്തി എൺപതിനായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റിയാറ് രൂപ മാത്രം) ചെലവാക്കുകയും നീക്കിയിരിപ്പ് തുകയായ 1,37,22,804 രൂപ 2230-01-911-99 എന്ന ശീർഷകത്തിൽ ഒടുക്കുകയും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

തുടർന്ന് 2019 വിഷുവിനോടനുബന്ധിച്ച് അടഞ്ഞുകിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് 10-3-2019-ലെ സ.ഉ.(സാധാ.) നമ്പർ 323/2019/തൊഴിൽ ഉത്തരവ് പ്രകാരം 352 ഫാക്ടറികളിലെ 34728 തൊഴിലാളികൾക്ക് 2230-01-103-87-10 നോൺ പ്ലാൻ എന്ന ശീർഷകത്തിൽ 6,94,56,000 രൂപ അനുവദിക്കുകയും വിഷു

സമാശ്വാസ ധനസഹായ വിതരണത്തിനായി 5,93,15,839 രൂപ ചെലവഴിക്കുകയും ആയതിന്റെ ബാലൻസ് തുകയായ 1,01,40,161 രൂപ 16-5-2019-ന് കൊല്ലം ജില്ലാ ട്രഷറി മുഖാന്തരം 2230-01-911-99 എന്ന ശീർഷകത്തിൽ ഒടുക്കുകയും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-86-10—<u>കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റ് പുതിയ ക്ഷേമ പദ്ധതികളും-സംഭാവന</u>

വിഹിതം : 90,00,000 രൂപ (പദ്ധതിയേതരം)

തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികളിൽ 2017-18-ലെ പെൻഷൻ കുടിശ്ശികയും, 2018-19-ലെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കും തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 76,59,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് നടപ്പ് സാമ്പത്തിക വർഷം 2018 ജൂലൈ മാസം വരെയുള്ള പെൻഷനും 2014-2017 സാമ്പത്തിക വർഷം വരെയുള്ള പെൻഷൻ കുടിശ്ശികയും കൂടി ആകെ 46,80,33,000 രൂപ 2230-01-103-86-10-NP ശീർഷകത്തിൽ അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വീണ്ടും തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലായെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-79-10—<u>കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്-സംഭാവന</u>

വിഹിതം : 2,43,00,000 രൂപ (പദ്ധതിയേതരം)

കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് 2017-18 വരെ സർക്കാരിൽ നിന്നും ലഭിക്കാനുള്ള ഗ്രാന്റ് കുടിശ്ശിക ലഭ്യമായിട്ടില്ലാത്തതിനാൽ, ഈ ശീർഷകത്തിൽ 4,86,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2018-19 വർഷം 2230-01-103-79-10 ശീർഷകത്തിൽ 2017-18-ലെ അവശേഷിക്കുന്ന തുകയായ 1,62,00,000 രൂപ അനുവദിച്ചിട്ടുണ്ട്. അധികമായി തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2230-01-103-73-10—<u>കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി-അംശദാനം-സംഭാവന</u>

വിഹിതം : 1,15,00,000 രൂപ (പദ്ധതിയേതരം)

2017-18-ലെ പെൻഷൻ കടിശ്ശികയും 2018-19-ലെ പെൻഷൻ വിതരണത്തിനും അധിക തുക ആവശ്യമായതിനാൽ, ഈ ശീർഷകത്തിൽ 4,29,42,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ബീഡി പെൻഷൻ വിതരണത്തിനായി 2230-01-103-73-10 ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 1,15,00,000 രൂപയ്ക്ക് പുറമെ അധിക തുകയായി 2,15,20,000 രൂപ ഉൾപ്പെടെ ആകെ 3,30,19,133 രൂപ 2018 നവംബർ മാസം വരെയുള്ള പെൻഷൻ വിതരണത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിൽ 3,22,09,633 രൂപ ചെലവഴിച്ചിട്ടുണ്ട്. 8,09,500 രൂപ നീക്കിയിരിപ്പും ഉണ്ട്.

<u>ശിപാർശ</u>

2230-01-103-72-10—<u>കേരള കർഷക തൊഴിലാളി ക്ഷേമ ബോർഡ് അംശദാനം സംഭാവന</u>

വിഹിതം : 6,87,00,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ മാച്ചിംഗ് ഗ്രാന്റ് കടിശ്ശിക, 2018-19-ലെ മാച്ചിംഗ് ഗ്രാന്റ് എന്നിവ സർക്കാരിൽ നിന്നും ലഭിക്കേണ്ടതിനാൽ, ഈ ശീർഷകത്തിൽ 37,69,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അതിവർഷാനുകൂല്യ കുടിശ്ശിക വിതരണത്തിനായി നടപ്പ് സാമ്പത്തിക വർഷം 2230-01-103-72-10 (സംഭാവന)- നോൺപ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 6,87,00,000 (ആറ് കോടി എൺപത്തി ഏഴ് ലക്ഷം രൂപ മാത്രം) രൂപയും, 11-9-2018-ലെ സ.ഉ.(സാധാ.)നമ്പർ 7594/2018/ധന. ഉത്തരവ് പ്രകാരം അധികമായി അനുവദിച്ച 93,13,00,000 രൂപയും (തൊണ്ണൂറ്റി മൂന്ന് കോടി പതിമൂന്ന് ലക്ഷം രൂപ മാത്രം) ചേർത്ത് ആകെ 100,00,00,000 രൂപ (നൂറ് കോടി രൂപ മാത്രം) 22-10-2018-ലെ സ.ഉ.(സാധാ.)നമ്പർ 1209/2018/ തൊഴിൽ പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. കർഷക തൊഴിലാളി പെൻഷൻ ബാധ്യത സർക്കാർ വഹിക്കുന്ന സാഹചര്യത്തിൽ, അംശദായത്തിന് തുല്യമായി സർക്കാർ നൽകേണ്ട തുക കർഷക തൊഴിലാളി പെൻഷൻ തുകയിൽ ക്രമീകരിക്കേണ്ടതാണെന്നും, അതിവർഷാനുകൂല്യ വിതരണത്തിനായി അനുവദിച്ച തുകയും ഇനി മുതൽ ഇതിനായി അനുവദിക്കുന്ന തുകകളും The Kerala Agricultural Workers Welfare Fund Scheme 1990 para 29(1),29(2) എന്നിവയിൽ പറഞ്ഞിരിക്കുന്ന Superannuation Benefit, Ex-gratia എന്നിവ നൽകാൻ മാത്രമേ വിനിയോഗിക്കാവൂ എന്നും, മറ്റുള്ള എല്ലാ ആനുകൂല്യങ്ങളും ബോർഡിന്റെ തനതു വരുമാനത്തിൽ നിന്ന് കണ്ടെത്തേണ്ടതാണ് എന്നും ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ള വിവരം വിഷയ നിർണ്ണയ സമിതിയെ സവിനയം അറിയിക്കുന്നു.

<u>ശിപാർശ</u>

2230-01-103-71-10—<u>കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡ്- അംശദാനം-സംഭാവന</u>

വിഹിതം : 50,40,000 രൂപ (പദ്ധതിയേതരം)

2017-18-ലെ പെൻഷൻ കുടിശ്ശികയും, 2018-19-ലെ പെൻഷൻ വിതരണത്തിനും അധിക തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 15,82,48,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമനിധി ബോർഡിന് 2017-18 സാമ്പത്തിക വർഷത്തെ പെൻഷൻ കുടിശ്ശികയൊന്നും ഇല്ല. 2018-19-ലെ പെൻഷൻ

വിതരണത്തിനായി കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡിന് ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 50,40,000 രൂപയ്ക്ക് പുറമെ അധിക തുകയായി 10,44,31,000 രൂപ ഉൾപ്പെടെ ആകെ 10,94,72,720 രൂപ 2230-01-103-71-10 എന്ന ശീർഷകത്തിൽ 2018 നവംബർ മാസം വരെയുള്ള പെൻഷൻ വിതരണത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിൽ 10,77,89,500 രൂപ ചെലവഴിക്കുകയും 16,83,220 രൂപ നീക്കിയിരിപ്പും ഉണ്ട്. 2018-19 വർഷം ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാതിരുന്ന 65 പേർ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതിനാൽ 2018 ഏപ്രിൽ മുതൽ ജൂലൈ വരെ വിതരണം ചെയ്യാൻ 2,86,000 രൂപ ആവശ്യമാണ്. ടി തുക ലഭ്യമാക്കുന്നതിനായി ആവശ്യമായ ശിപാർശ സമർപ്പിക്കുന്നതിന് ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശിപാർശ

**2230-01-103-59-10—കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്-സംഭാവന**

വിഹിതം : 2,00,00,000 രൂപ (പദ്ധതിയേതരം)

മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 2017-18 വരെ സർക്കാരിൽ നിന്നും ലഭിക്കേണ്ട കുടിശ്ശികയ്ക്കായി ഈ ശീർഷകത്തിൽ 32,40,65,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

## സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ തുടർനടപടികൾക്കായി ധനകാര്യവകുപ്പിന് നൽകിയപ്പോൾ പ്രളയദുരന്തത്തിൽപ്പെട്ട കേരളത്തെ കര കയറ്റുന്നതിനായി എല്ലാ തരത്തിലും ഫണ്ട് സ്വരൂപിക്കുന്നതിനുള്ള തീവ്ര പരിശ്രമത്തിലായതിനാൽ സമിതി ശിപാർശ ചെയ്ത തുക നൽകുവാൻ ഇപ്പോൾ നിർവ്വാഹമില്ല എന്ന് അഭിപ്രായപ്പെട്ട വിവരം സമിതി മുമ്പാകെ അറിയിക്കുന്നു.

## ശിപാർശ

**2230-01-103-58-10—കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് സംഭാവന**

വിഹിതം : 20,00,000 രൂപ (പദ്ധതിയേതരം)

2018-19-ലെ ഭരണ ചെലവുകൾക്കായി അധിക തുക ആവശ്യമാണെന്ന് കാണുന്നതിനാൽ ഈ ശീർഷകത്തിൽ 54,99,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഷയനിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ശീർഷകത്തിൽ അധിക തുക വകയിരുത്തുന്നതിന് ലേബർ കമ്മീഷണർ സമർപ്പിച്ച ശിപാർശ പരിഗണിയ്ക്കുന്നതിനായി കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നാളിതുവരെയുള്ള ചെലവിന്റെ വിശദാംശം, 2017-2018 സാമ്പത്തിക വർഷത്തിലെ ബജറ്റ് എസ്റ്റിമേറ്റിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള കാരണം, കഴിഞ്ഞ 5 വർഷം ബോർഡിന് സർക്കാർ നല്കിയിട്ടുള്ള ധനസഹായം, നിലവിൽ ബോർഡിലെ അംഗങ്ങളുടെ എണ്ണം, ചട്ടപ്രകാരം കഴിഞ്ഞ 3 വർഷം അംശദായ ഇനത്തിൽ ലഭിക്കേണ്ട തുക, ലഭിച്ച തുക (വർഷം തിരിച്ചുള്ള കണക്ക്) ഭരണച്ചെലവിനായി കഴിഞ്ഞ 3 വർഷം വിനിയോഗിച്ച തുക (വർഷം തിരിച്ചുള്ള കണക്ക്), 2017-2018 സാമ്പത്തിക വർഷത്തിലെ യഥാർത്ഥ വരവ്, ചെലവ്, ചെലവിനങ്ങളുടെ വിശദവിവരം, 2018-2019 സാമ്പത്തിക വർഷത്തിൽ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന് ഭരണച്ചെലവുകൾക്കായി ആവശ്യപ്പെട്ടിരിക്കുന്ന 54,99,000 രൂപയുടെ ഇനം തിരിച്ചുള്ള വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ലഭ്യമാക്കിയത് 29-4-2019-ൽ മാത്രമാണ്. ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചപ്പോൾ 2018-19 സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ ഭരണ വകുപ്പ് ശിപാർശയിന്മേൽ തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയുണ്ടായി.

<u>ശിപാർശ</u>

2230-01-103-57-10—<u>കേരള ആഭരണ തൊഴിലാളി ക്ഷേമനിധി-സംഭാവന</u>

വിഹിതം : 2,25,000 രൂപ (പദ്ധതിയേതരം)

കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്റ്റ് പ്രകാരം അംഗങ്ങളുടെ വിഹിതത്തിന്റെ 5% തുക ഗ്രാന്റായി ബോർഡിന് നൽകുമ്പോൾ, 2018-19-ൽ കൂടുതൽ തുക ആവശ്യമുണ്ടെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 7,93,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി പെൻഷൻ വിതരണത്തിനും കു... വിതരണത്തിനുമായി സ.ഉ.(സാധാ.)നമ്പർ 6806/2018/ധന. തീയതി 9-8-2018 പ്ര... 2230-01-103-57-10 എന്ന ശീർഷകത്തിൽ 14,29,000 രൂപ വകയിരുത്തിയിട്ടു... സ.ഉ.(സാധാ.)നമ്പർ 939/2018/തൊഴിൽ തീയതി 10-8-2018 പ്രകാരം ടി തുക, 20... ഏപ്രിൽ മുതൽ 2018 ജൂലൈ വരെയുള്ള ക്ഷേമ പെൻഷനും, 2015, 2016, 20... വർഷങ്ങളിലെ കടിശ്ശിക പെൻഷനും വിതരണം ചെയ്യുന്നതിനായി വിനിയോഗിക്കുന്നത് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-51—<u>സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി</u>

വിഹിതം : 1,50,00,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ എഴുത്താശാൻ - ആശാട്ടി തുടങ്ങിയ അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്കുള്ള ഈ ക്ഷേമ പെൻഷൻ പദ്ധതിയിൽ 2018-19-ലെ പെൻഷൻ വിതരണത്തിന് കൂടുതൽ തുക ആവശ്യമുള്ളതിനാൽ, ഈ ശീർഷകത്തിൽ 17,31,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1...

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം 2230-01-103-51 (പദ്ധതിയേതരം) ശീർഷകത്തി... ബഡ്ജറ്റ് വിഹിതമായി 1,50,00,000 രൂപയും അധിക തുകയായി 15,92,79,480 രൂ... ഉൾപ്പെടെ ആകെ 17,42,79,480 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-50-10—<u>കേരള അലക്കുതൊഴിലാളി ക്ഷേമപദ്ധതി-സംഭാവന</u>

വിഹിതം : 13,00,000 രൂപ (പദ്ധതിയേതരം)

സർക്കാർ നൽകുവാനുള്ള അംശദായ കടിശ്ശികയും 2017-18-ലെ പെൻഷൻ കടിശ്ശികയും, 2018-19-ലെ പെൻഷൻ വിതരണത്തിനും ഉൾപ്പെടെ കൂടുതൽ തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 1,52,46,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം 2230-01-103-50-10 (പദ്ധതിയേതരം) ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 13,00,000 രൂപയും അധിക തുകയായി 27,61,200 രൂപയും ഉൾപ്പെടെ 40,61,200 രൂപ കേരള അലക്കുതൊഴിലാളി ക്ഷേമപദ്ധതിയ്ക്ക് അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-35-10—<u>കേരള ചുമട്ടു തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതി-സംഭാവന</u>

വിഹിതം : 75,00,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ വിഭിന്ന മേഖലകളിൽ പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങളും പെൻഷനും നൽകിവരുന്ന ഈ പദ്ധതിക്ക് 2017-18-ലെ പെൻഷൻ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് അധിക തുക ആവശ്യമായി കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 7,62,85,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ വിഭിന്ന മേഖലകളിൽ പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികൾക്ക് 12/2017 മുതൽ 11/2018 വരെയുള്ള പെൻഷൻ വിതരണത്തിന് 2018-19 സാമ്പത്തിക വർഷം 2230-01-103-35-10 (NP) എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം (75,000 രൂപ) ഉൾപ്പെടെ ആകെ 5,26,53,000 രൂപയും കൂടാതെ 15-3-2019-ലെ സ.ഉ.(സാധാ.) നമ്പർ 1890/2019/ധന. ഉത്തരവ് പ്രകാരം 12/2018 മുതൽ 4/2019 വരെയുള്ള പെൻഷൻ വിതരണത്തിന് 2,17,56,000 രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-10—<u>ഒഡെപെക്</u>

വിഹിതം : 50,00,000 രൂപ (പദ്ധതി)

ഒഡെപെക്കിനായി 2018-19-ൽ അനുവദിച്ച തുക പരിശീലന പദ്ധതികൾക്കും റിക്രൂട്ട്മെന്റിനും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല. ബഡ്ജറ്റിൽ അനുവദിച്ച 50 ലക്ഷം രൂപ ചെലവഴിച്ച ശേഷം അധിക തുകയുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ഒഡെപെക്കിനോട് ആവശ്യപ്പെട്ടുവെങ്കിലും അനുവദിച്ച തുക സാമ്പത്തികവർഷാവസാനമാണ് ചെലവഴിക്കാൻ സാധിച്ചത് എന്നും ആയതിനാൽ കൂടുതൽ തുക ആവശ്യമായി വന്നില്ല എന്നും ഒഡെപെക് എം.ഡി. അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4250-00-201-92—<u>മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം</u>

വിഹിതം : 50,00,000 രൂപ (പദ്ധതി)

മൂന്നാർ ലേബർ കോംപ്ലക്സ് നിർമ്മാണം പൂർത്തീകരണത്തിന് അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 1,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മൂന്നാർ ലേബർ കോംപ്ലക്സിനായി 4250-00-201-92(പി) ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച 50,00,000 രൂപയിൽ 41,19,000 രൂപ ലഭിച്ചിരുന്നു. ആയതിൽ 64,800 രൂപ ചെലവഴിച്ച് ബാക്കി തുകയായ 41,19,000 രൂപ e-lams ലേക്ക് മാറ്റിയിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-001-99—<u>ട്രെയിനിംഗ് ഡയറക്ടറേറ്റ്</u>

വിഹിതം : 7,16,82,000 രൂപ (പദ്ധതിയേതരം)

ട്രെയിനിംഗ് ഡയറക്ടറേറ്റിന് വിവിധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 2,13,000 രൂപയും വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കൽ (45) ഇനത്തിൽ 50,000 രൂപ ഉൾപ്പെടെ ഈ ശീർഷകത്തിൽ 2,63,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

'2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ്' എന്ന ശീർഷകത്തിൽ വാഹനങ്ങൾക്ക് ധനം നിറയ്ക്കൽ ഇനത്തിൽ 63,000 രൂപ അഡീഷണൽ ഓതറൈസേഷൻ വഴിയും 000 രൂപ ധനപുനഃവിനിയോഗം വഴിയും ആകെ 83,000 രൂപ അനുവദിച്ചിട്ടുണ്ട്. ടി പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

30-03-001-98—<u>സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ</u>

വിഹിതം : 27,51,000 രൂപ (പദ്ധതിയേതരം)

സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കുന്നതിനായി ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ ഈ ശീർഷകത്തിൽ വൈദ്യുത ചെലവ് [05(02)] ഇനത്തിൽ 17,000 രൂപ അധികമായി ആവശ്യമുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 17,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

'2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ' ശീർഷകത്തിൽ വൈദ്യുത ചെലവ് ഇനത്തിൽ 20,000 രൂപ അഡീഷണൽ ഓതറൈസേഷൻവഴി അനുവദിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

30-03-001-97—<u>ആസൂത്രണ നിരീക്ഷണ വിഭാഗം-നവീകരണവും കമ്പ്യൂട്ടർവൽക്കരണവും</u>

വിഹിതം : 28,00,000 രൂപ (പദ്ധതി)

ആസൂത്രണ നിരീക്ഷണ വിഭാഗത്തിന്റെ നവീകരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനും 2018-19 വർഷത്തെ പദ്ധതി ചെലവിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-001-96—വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി

വിഹിതം : ഇല്ല (പദ്ധതി)

നൈപുണ്യവികാസത്തെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കൽ, വിവിധ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, കൗശൽ കേന്ദ്രയുടെ പ്രവർത്തനം KASE-ന്റെ ഭരണച്ചെലവുകൾ എന്നിവയ്ക്ക് തുക ആവശ്യമായതിനാൽ 17,50,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് ശിപാർശ സമർപ്പിച്ചില്ല.

ശിപാർശ

2230-03-001-93—ട്രേഡ് ടെസ്റ്റ് വിംഗിനെ ശക്തിപ്പെടുത്തൽ

വിഹിതം : 77,00,000 രൂപ (പദ്ധതി)

ചാക്ക ഐ.ടി.ഐ. വളപ്പിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ട്രേഡ് ടെസ്റ്റ് വിഭാഗത്തിന് പുതിയ കെട്ടിടനിർമ്മാണം, കമ്പ്യൂട്ടർ അധിഷ്ഠിത ഇ-സ്റ്റോറ്, ട്രേഡ് സർട്ടിഫിക്കറ്റിനായി പശ്ചാത്തല സൗകര്യങ്ങളും സോഫ്റ്റ്‌വെയറുകളും സജ്ജീകരിക്കൽ, ട്രേഡ് ടെസ്റ്റ് വിംഗിന് ആവശ്യമായ ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, മികച്ച നെറ്റ്‌വർക്കിംഗ് സംവിധാനം, ട്രേഡ് ടെസ്റ്റിനാവശ്യമായ കസ്റ്റം പേപ്പറുകൾ, ഉത്തരക്കടലാസുകൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള വാഹനം വാങ്ങൽ, ഓൺലൈൻ ട്രേഡ് ടെസ്റ്റിനാവശ്യമായ ചെലവ് വഹിക്കൽ ഇടങ്ങിയ പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തികവർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 23,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരു ത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് ശിപാർശ സമർപ്പിച്ചില്ല

ശിപാർശ

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം : 161,13,68,000 രൂപ (പദ്ധതിയേതരം)

വിവിധ വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി യാത്രാബത്ത 04(1)] ഇനത്തിൽ 2,00,00,000 രൂപയും ടെലിഫോൺ ചെലവ് [05 (03)] ഇനത്തിൽ ,00,000 രൂപയും ജനറൽ സ്റ്റൈപ്പന്റ് (12) ഇനത്തിൽ 15,00,000 രൂപയും പി.ആന്റ് എസ്.എസ്. (28) ഇനത്തിൽ 20,00,000 രൂപയും മറ്റിനങ്ങൾ [34(3)] ഇനത്തിൽ 50,00,000 രൂപയും ഉൾപ്പെടെ 2,86,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

'2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ' ശീർഷകത്തിൽ ജനറൽ സ്റ്റൈപ്പന്റ് ഇനത്തിൽ 30,18,000 രൂപ അഡീഷണൽ ഓതറൈസേഷൻ വഴിയും ടെലിഫോൺ ചെലവ് ഇനത്തിൽ 1,10,000 രൂപ ധനപുനഃവിനിയോഗം വഴിയും ആകെ 31,28,000 രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

2230-03-101-96—വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം

വിഹിതം : 2,81,86,000 രൂപ (പദ്ധതിയേതരം)

തിരുവനന്തപുരത്തെ വനിതാ വ്യാവസായിക പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പിനായി ടൂർ ടി.എ. [04(1)] ഇനത്തിൽ 1,25,000 രൂപയും ട്രാൻസ്ഫർ ടി.എ. [04(2)] ഇനത്തിൽ 33,000 രൂപയും എൽ.റ്റി.സി. [04(4)] ഇനത്തിൽ 28,000 രൂപയും സ്റ്റൈപ്പന്റ് (12) ഇനത്തിൽ 25,000 രൂപയും വൈദ്യുതി ചെലവ് [34(02)] ഇനത്തിൽ 69,000 രൂപയും ഉൾപ്പെടെ 2,80,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

'2230-03-101-96—വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം' എന്ന ശീർഷകത്തിൽ ജനറൽ സ്റ്റൈപ്പന്റ് ഇനത്തിൽ 65,000 രൂപയും വൈദ്യുതി ചെലവ് ഇനത്തിൽ 80,000 രൂപയും ഉൾപ്പെടെ ആകെ 1,45,000 രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

2230-03-101-87—ഐ.ടി.ഐ. കളുടെ നവീകരണം

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

വകുപ്പിന് കീഴിലെ ഐ.ടി.ഐ.-കളിലെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം അഫിലിയേഷൻ/റീ-അഫിലിയേഷൻ എന്നിവയ്ക്ക് വേണ്ടിയുള്ള യന്ത്രോപകരണങ്ങളുടെ സംഭരണം, വർക് ഷോപ്പ്/കെട്ടിടങ്ങളുടെ പുനരുദ്ധാരണം, വൈദ്യുതീകരണം, റീവയറിംഗ്, ഐ.ടി. ലാബുകൾ സ്ഥാപിക്കൽ തുടങ്ങിയവയ്ക്കുള്ള തുക ബഡ്ജറ്റിൽ അനുവദിച്ചത് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് ശിപാർശ സമർപ്പിച്ചില്ല.

ശിപാർശ

2230-03-101-80—പുതിയ ഐ.റ്റി.ഐ.കൾ സ്ഥാപിക്കൽ

വിഹിതം : ഇല്ല (പദ്ധതി)

2018-19 സാമ്പത്തികവർഷത്തിലെ ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച 10 പുതിയ ഐ.ടി.കളുടെ ഉപകരണ സംഭരണത്തിന് തുക ആവശ്യമായതിനാൽ 2018-19 സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി 20,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

## സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് ശിപാർശ സമർപ്പിച്ചില്ല.

## ശിപാർശ

2230-03-101-76—വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വിഹിതം : 83,82,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാബത്ത [04(1)] ഇനത്തിൽ 40,000 രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 12,000 രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 7,000 രൂപയും ഉൾപ്പെടെ ആകെ 59,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

## സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴിയും അഡീഷണൽ ഓതറൈസേഷൻ വഴിയും ധനപുനഃവിനിയോഗം വഴിയും സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല.

## ശിപാർശ

2230-03-101-73-- ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ.കൾ ശക്തിപ്പെടുത്തൽ

വിഹിതം : 50,00,000 രൂപ (പദ്ധതി)

ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളായ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ചിന്നക്കനാൽ, കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ എന്നിവിടങ്ങളിൽ ഐ.ടി.ഐ.കൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 2018-19 സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3,50,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് പിന്നീട് ശിപാർശ സമർപ്പിച്ചില്ല.

<u>ശിപാർശ</u>

2230-03-101-72—<u>വനിത ഐ.ടി.ഐ.-കൾ മെച്ചപ്പെടുത്തൽ</u>

വിഹിതം : ഇല്ല (പദ്ധതി)

വകുപ്പിന് കീഴിലെ അഞ്ച് രണ്ടാംനിര വനിത ഐ.ടി.ഐ.കളുടെ പ... ഉയർത്തുന്നതുമായി ബന്ധപ്പെട്ട ഉപകരണ സംഭരണത്തിന് അനുവദിച്ച തുക പദ്ധ... നടത്തിപ്പിന് അപര്യാപ്തമായതിനാൽ 5,60,00,000 രൂപ അധിക... ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്നും സമിതി ശിപ... ചെയ്യുന്നു.

(ഖണ്ഡിക ...

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് പിന്നീട് ശിപാർശ സമർപ്പിച്ചില്ല.

<u>ശിപാർശ</u>

2230-03-101-68—<u>പരസ്യം/പബ്ലിസിറ്റി</u>

വിഹിതം : 1,10,00,000 രൂപ (പദ്ധതി)

തൊഴിൽ വകുപ്പിന്റെ പരമപ്രധാനമായ പ്രവർത്തനങ്ങൾ, സാധ്യതകൾ, ഉണർവ്... എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും തൊഴ... പരിശീലന അവബോധം സൃഷ്ടിക്കുന്നതിനായി തൊഴിൽ മേളകൾ, നൈപുണ്യ വികസ... മേളകൾ എന്നിവ സംഘടിപ്പിക്കുന്നതിനും 2018-19 സാമ്പത്തികവർഷത്തിൽ അനു... തുക അപര്യാപ്തമായതിനാൽ 6,90,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക ...

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് പിന്നീട് ശിപാർശ സമർപ്പിച്ചില്ല.

<u>ശിപാർശ</u>

2230-03-101-65-01—<u>സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷൻ കേരള</u>

വിഹിതം : 23,75,50,000 രൂപ (പദ്ധതി)

കേന്ദ്ര സർക്കാരിന്റെ സ്കിൽ ഡെവലപ്മെന്റ് & എന്റർപ്രണർഷിപ്പ് മന്ത്രാലയത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനും നടപ്പാക്കുന്നതിനും രൂപീകരിച്ച ദേശീയ നൈപുണ്യ വികാസ യജ്ഞ (NSDM) ത്തിനോടനുബന്ധിച്ച് സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (SIMO)-ന്റെ ഭാഗമായി, സംസ്ഥാന സർക്കാർ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE)-നെ നോഡൽ ഏജൻസിയായി പരിഗണിച്ചുകൊണ്ട് നൈപുണ്യ വികസനത്തിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതമായി 2018-19 വർഷത്തിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ടി പദ്ധതിക്ക് അപര്യാപ്തമായതിനാൽ 6,24,50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് പിന്നീട് ശിപാർശ സമർപ്പിച്ചില്ല

<u>ശിപാർശ</u>

2230-03-101-62—<u>ഐ.ടി.ഐ.-കൾ മെച്ചപ്പെടുത്തൽ</u>

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തെ 10 രണ്ടാം നിര ഐ.ടി.ഐ.കളായ ആര്യനാട്, കൽപ്പറ്റ, കുഴൽമന്ദം, ദേശമംഗലം, കൊയിലാണ്ടി, ചാത്തന്നൂർ, ബി.റ്റി.സി.കൊല്ലം, നിലമ്പൂർ, അട്ടപ്പാടി, പേരാമ്പ്ര എന്നിവയെ ഒന്നാംനിര ഐ.ടി.ഐ.-കൾ ആക്കി മാറ്റാൻ വകുപ്പ് ശിപാർശ

സമർപ്പിച്ചിരുന്നതിൽ ബി.റ്റി.സി. കൊല്ലത്തിന് പകരം കൊല്ലം ഐ.ടി.ഐ. എന്നാണ് ബഡ്ജറ്റിൽ വന്നിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇത് ബി.റ്റി.സി. കൊല്ലം എന്നാക്കണമെന്നും ഐ.ടി.ഐ.-കളുടെ നിലവാരമുയർത്തുന്ന പ്രവർത്തനങ്ങൾക്കായിട്ട് 2018-19 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധികമായി 16,00,00,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

## സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവ ലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് പിന്നീട് ശിപാർശ സമർപ്പിച്ചില്ല

## ശിപാർശ

2230-03-101-61—വിദേശരാജ്യങ്ങളുമായുള്ള സാങ്കേതികവിദ്യ കൈമാറ്റ പരിപാടി

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

സർക്കാർ ഐ.ടി.ഐ.-കളിലെ വിവിധ ട്രേഡുകളിലെ മികച്ച 100 ട്രെയിനികൾക്ക് (50 ആൺകുട്ടികൾക്കും, 50 പെൺകുട്ടികൾക്കും) വിദേശരാജ്യത്ത് 4 ആഴ്ചത്തെ ട്രെയിനിംഗ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് 2018-19 സാമ്പത്തിക വർഷത്തിൽ 5,00,00,000 രൂപ ആവശ്യപ്പെട്ടതിൽ 1,00,00,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

## സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന വഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവ ലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് പിന്നീട് ശിപാർശ സമർപ്പിച്ചില്ല

## ശിപാർശ

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം : 5,11,52,000 രൂപ (പദ്ധതിയേതരം)

ദേശീയ തൊഴിലഭ്യസന സെന്ററുകളിൽ നിന്നും തൊഴിൽ പരിശീലനം നേടിയ ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് കൊടുക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യപ്പെട്ട തുക ലഭ്യമാകാത്തതിനാൽ ഈ ശീർഷകത്തിൽ 1,96,65,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

'2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ' എന്ന ശീർഷകത്തിൽ സ്റ്റൈപ്പന്റ് ഇനത്തിൽ 1,20,000 രൂപ അഡീഷണൽ ഓതറൈസേഷൻ വഴിയും 90,000 രൂപ ധനപുനഃവിനിയോഗം വഴിയും ആകെ 2,10,000 രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-102-98—<u>തൊഴിലഭ്യസന പരിശീലന പദ്ധതി ശക്തിപ്പെടുത്തൽ</u>

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

തൊഴിലഭ്യസന പരിശീലന പദ്ധതി ശക്തിപ്പെടുത്തലിന്റെ ഭാഗമായി പഠനാനന്തര പരിശീലനം, ഓഫീസ് പുനരുദ്ധാരണം, ഫർണിച്ചറുകൾ സജ്ജമാക്കുകയും മാറ്റി സ്ഥാപിക്കുകയും ചെയ്യുക, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ സജ്ജമാക്കുക, വൈദ്യുതീകരണം, ജില്ലാ ഓഫീസുകളെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനായി സജ്ജീകരിക്കുക എന്നീ പ്രവർത്തനങ്ങൾക്കായി 2018-19 വർഷത്തിലേയ്ക്ക് 6,00,00,000 രൂപ ആവശ്യപ്പെട്ടതിൽ 1,00,00,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പദ്ധതി നടത്തിപ്പിനായി ഈ ശീർഷകത്തിൽ 5,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് ശിപാർശ സമർപ്പിച്ചില്ല.

ശിപാർശ

4202-02-105-85—ഐ.ടി.ഐ.-കളുടെ നവീകരണം

വിഹിതം : 35,50,00,000 രൂപ (പദ്ധതി)

വകുപ്പിന് കീഴിലെ ഐ.ടി.ഐ.-കളിലെ വർക്ക്ഷോപ്പ്/കെട്ടിടങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, വൈദ്യുതീകരണം, റീ-വയറിംഗ് തുടങ്ങിയവയ്ക്കുള്ള തുക ബഡ്ജറ്റിൽ അനുവദിച്ചത് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 24,50,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് പിന്നീട് ശിപാർശ സമർപ്പിച്ചില്ല.

ശിപാർശ

4250-00-190-95—വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി

വിഹിതം : 38,00,00,000 രൂപ (പദ്ധതി)

കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈന്റെ രണ്ടാംഘട്ട നിർമ്മാണം, പുതിയ കൗശൽ കേന്ദ്ര സ്ഥാപിക്കുന്നതിന്, വേൾഡ് സ്കിൽ ലൈസിയം, ഏവിയേഷൻ അക്കാദമി എന്നിവയ്ക്ക് തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 55,50,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് പിന്നീട് ശിപാർശ സമർപ്പിച്ചില്ല.

<u>ശിപാർശ</u>

4250-00-800-96—<u>വനിത ഐ.ടി.ഐ.-കൾ മെച്ചപ്പെടുത്തൽ</u>

വിഹിതം : 2,40,00,000 രൂപ (പദ്ധതി)

വകുപ്പിന് കീഴിലെ അഞ്ച് രണ്ടാംനിര വനിത ഐ.ടി.ഐ.-കളുടെ പദവി ഉയർത്തുന്നതുമായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക പദ്ധതി നടത്തിപ്പിന് അപര്യാപ്തമായതിനാൽ 3,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് ശിപാർശ സമർപ്പിച്ചില്ല

<u>ശിപാർശ</u>

4250-00-800-95—<u>പുതിയ ഐ.റ്റി.ഐ.-കൾ സ്ഥാപിക്കൽ</u>

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

2018-19 സാമ്പത്തികവർഷത്തിലെ ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച 10 പുതിയ ഐ.ടി.ഐ.-കളുടെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് പിന്നീട് ശിപാർശ സമർപ്പിച്ചില്ല.

ശിപാർശ

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**
**താഴെപ്പറയുന്ന പദ്ധതികൾക്കായി പുതിയ ശീർഷകം അനുവദിച്ച് തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു**

ജൈവവൈവിദ്ധ്യ ക്യാമ്പസ്

സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഹരിത മിഷൻ പരിപാടിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന ശുചിത്വ മിഷന്റെ സഹകരണത്തോടെ സൗരോർജ്ജ പ്ലാന്റ്, വിന്റ്മിൽ, മഴവെള്ള സംഭരണികൾ, ബയോഗ്യാസ് പ്ലാന്റുകൾ, ബയോവേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ ലഭ്യമാക്കി ഐ.ടി.ഐ.-കളെ ഹരിത ക്യാമ്പസ്സുകളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പദ്ധതിക്കായി പുതിയ സർവ്വീസ് ശീർഷകത്തിൽ 5,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവ ലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് പിന്നീട് ശിപാർശ സമർപ്പിച്ചില്ല

ശിപാർശ

ഉല്പാദന കേന്ദ്രങ്ങൾ

2018-19 സാമ്പത്തിക വർഷത്തിൽ സർക്കാർ ഐ.ടി.ഐ.-കളിലെ നിലവിലെ ഭൗതിക സാഹചര്യങ്ങൾ ഉപയോഗിച്ച് ട്രെയിനികൾക്ക് പരിശീലനത്തോടൊപ്പം സമ്പാദ്യം എന്ന വിധത്തിൽ വിവിധ ട്രേഡുകളിൽ തൊഴിലധിഷ്ഠിതമായ വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും, ട്രെയിനികളുടെ നൈപുണ്യം വർദ്ധിപ്പിക്കുന്ന തിനോടൊപ്പം അവരിൽ സംരംഭകത്വം വളർത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതി, കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച് ഗ്രേഡിംഗ് നൽകുന്ന പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പദ്ധതിക്ക് അനുമതി നൽകണമെന്നും പദ്ധതിയുടെ നടത്തിപ്പിനായി പുതിയ സർവ്വീസ് ശീർഷകത്തിൽ 5,00,00,000 രൂപ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

## സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവ ലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് പിന്നീട് ശിപാർശ സമർപ്പിച്ചില്ല

## ശിപാർശ

### ഓഫ് ക്യാമ്പസ് പ്രോഗ്രാം

2018-19 സാമ്പത്തിക വർഷത്തിൽ വകുപ്പിലെ നൈപുണ്യ വികസന പരിശീലനത്തിന്റെ ഭാഗമായി ഇൻസ്ട്രക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും വിജ്ഞാനം പരിഷ്കരിക്കുന്നതിന് വേണ്ടി കോഴിക്കോട് (വനിത) ഐ.ടി.ഐ. യിൽ ലഭ്യമായ സ്ഥലത്ത് വകുപ്പിന്റെ ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പുതിയ സർവ്വീസ് ശീർഷകത്തിൽ 90,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

## സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവ ലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് ശിപാർശ സമർപ്പിച്ചില്ല

## ശിപാർശ

### അന്താരാഷ്ട്ര നൈപുണ്യ കേന്ദ്രം

പ്രവാസികളായ ഇന്ത്യാക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിന് അവരുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കുവാൻ 2018-19 സാമ്പത്തിക വർഷത്തിൽ യു.എ.ഇ.യുടെ സഹകരണത്തോടെ ഒരു അന്താരാഷ്ട്ര നൈപുണ്യ കേന്ദ്രം യു.എ.ഇ.യിൽ തുടങ്ങുന്നതിന് ടി വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് പുതിയ സർവ്വീസ് ശീർഷകത്തിൽ 75,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

## സർക്കാർ സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവ ലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല. തുടർന്ന് പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി വെട്ടിച്ചുരുക്കൽ വന്നതിനാൽ അധിക തുകയ്ക്ക് പിന്നീട് ശിപാർശ സമർപ്പിച്ചില്ല

ശിപാർശ

2230-02-001-99—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം : 57,66,82,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനായി യാത്രാബത്ത [04 (1)] ഇനത്തിൽ 10,00,000 രൂപയും സ്ഥലമാറ്റ ബത്ത [04 (2)] ഇനത്തിൽ 2,00,000 രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 5,00,000 രൂപയും വൈദ്യുത ചെലവ് [05 (2)] ഇനത്തിൽ 5,00,000 രൂപയും വാഹനങ്ങളുടെ വാടക (97) ഇനത്തിൽ 2,50,000 രൂപയും വിവര സാങ്കേതിക വിദ്യ (99) ഇനത്തിൽ 10,00,000 രൂപയും ഉൾപ്പെടെ ആകെ 34,50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4[illegible]

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത പ്രകാരം 2230-02-001-99-5-(4)—other items (N[illegible] എന്ന ശീർഷകത്തിൽ നിന്നും 2230-02-001-99-99—Information Technology (NP[illegible] എന്ന ശീർഷകത്തിലേയ്ക്ക് 3,00,000 (മൂന്ന് ലക്ഷം രൂപ) ധനപുനഃക്രമീകരണം മുഖേന അനുവദിക്കുകയുണ്ടായി. മറ്റ് ശീർഷകങ്ങളിൽ സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2230-02-101-97—ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം: 40,94,000 രൂപ (പദ്ധതിയേതരം)

ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനാവശ്യമായ യാത്രാബത്ത [04(1)] ഇനത്തിൽ 14,000 രൂപയും, സ്ഥലമാറ്റ ബത്ത [04(2)] ഇനത്തിൽ 8,000 രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 47,000 രൂപയും ഉൾപ്പെടെ ആകെ 69,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5[illegible]

സർക്കാർ സ്വീകരിച്ച നടപടി

വിഭവപരിമിതിമൂലം സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2230-02-101-93—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ള വർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ)

വിഹിതം : 55,00,000 രൂപ (പദ്ധതി)

കൈവല്യ പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർക്ക് 2018-19-ന് സബ്സിഡി നൽകുന്നതിനും ഉദ്യോഗാർത്ഥികൾക്കായി പരിശീലന പരിപാടികളും, കോച്ചിംഗ് ക്ലാസ്സുകളും, സ്വയം തൊഴിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും മറ്റ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2,05,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

ശിപാർശ

2230-02-101-91—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി (ശരണ്യ)

വിഹിതം : 8,60,00,000 രൂപ (പദ്ധതി)

ശരണ്യാ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപ്പെടുത്തിയവർ, ഭർത്താവിനാൽ ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നിവർക്ക പുറമേ അംഗപരിമിതരായ വനിതകളെയും ഭർത്താവ് ശയ്യാവലംബരായ വനിതകളെയും കൂടി അർഹരാക്കിയും, കൂടാതെ നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർ വായ്പ നൽകുന്നതിനും ഉത്തരവായിട്ടുള്ളതിനാലും ഉദ്യോഗാർത്ഥികൾക്കായി പരിശീലന പരിപാടികളും, കോച്ചിംഗ് ക്ലാസ്സുകളും, സ്വയം തൊഴിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക വളരെ കുറവാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 4,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>ശിപാർശ</u>

6250-60-800-97—<u>കൈവല്യ പദ്ധതിക്ക് കീഴിൽ വായ്പകൾ</u>

വിഹിതം : 55,00,000 രൂപ (പദ്ധതി)

ഭിന്നശേഷിക്കാരായവർക്കായുള്ള കൈവല്യ പദ്ധതി വഴി ഉദ്യോഗാർത്ഥികൾക്ക് വായ്പ നൽകുന്നതിന് 2018-19 വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,85,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>ശിപാർശ</u>

6250-60-800-96—<u>അവിവാഹിതകളായ അമ്മമാർ, അവിവാഹിതകളായ സ്ത്രീകൾ/ വിവാഹ മോചിതർ/ഉപേക്ഷിക്കപ്പെട്ടവർ/തൊഴിൽരഹിതരായ വിധവകൾ തുടങ്ങിയ രജിസ്റ്ററിൽ രേഖപ്പെടുത്തപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ പദ്ധതി (ശരണ്യ)</u>

വിഹിതം : 8,60,00,000 രൂപ (പദ്ധതി)

ശരണ്യ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് വായ്പകൾ നൽകുന്നതിനായും നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർവായ്പ നൽകുന്നതിനും 2018-19 സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3,80,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>51,52,54,55 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ</u>

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഷയ നിർണ്ണയ സമിതി VII ശിപാർശ ചെയ്തതിൻ പ്രകാരം **2018-19** വർഷം 'കൈവല്യ' പദ്ധതിയ്ക്കായി **2,05,00,000** രൂപയും, ഖണ്ഡിക **52**-ൽ 'ശരണ്യ' പദ്ധതിയ്ക്കായി ശിപാർശ ചെയ്തിട്ടുള്ള 4,00,00,000 രൂപയും, ഖണ്ഡിക **54**-ൽ 'കൈവല്യ' പദ്ധതിയുടെ കീഴിൽ വായ്പകൾക്ക് ശിപാർശ ചെയ്തിട്ടുള്ള 1,85,00,000 രൂപയും, ഖണ്ഡിക **55** പ്രകാരം 'ശരണ്യ' പദ്ധതിയ്ക്കായുള്ള വായ്പകൾക്ക് ശിപാർശ ചെയ്തിട്ടുള്ള 3,80,00,000 രൂപയും അധികമായി അനുവദിക്കുന്നതിലേയ്ക്കായി എംപ്ലോയ്മെന്റ് ഡയറക്ടർ **7-7-2018**-ൽ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ **21-7-2018**-ൽ ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുകയും,

**2018-19** സാമ്പത്തിക വർഷം ഈ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ചതിനു ശേഷം, കൂടുതൽ തുക ആവശ്യമായി വരുന്നുവെങ്കിൽ **23-7-2018**-ലെ **68/2018/ധന.** നമ്പർ പരിപത്രത്തിൽ പറഞ്ഞിരിക്കും പ്രകാരം ധനപുനർവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ധനവകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ആയത് സമർപ്പിക്കുവാൻ **18-9-2018**-ലെ തൊഴിൽ-എച്ച് 1/80/2018-തൊഴിൽ നമ്പർ കത്ത് പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർക്ക് നിർദ്ദേശം നല്കുകയുണ്ടായി. എന്നാൽ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി **2018-19** സാമ്പത്തിക വർഷത്തിലെ എല്ലാ പദ്ധതി വിഹിതങ്ങളുടേയും **20%** വരുന്ന തുക വെട്ടിക്കുറച്ചുകൊണ്ടുള്ള പദ്ധതി പുനഃപ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയതിനാലും, മറ്റുള്ള പദ്ധതികളിൽ വകയിരുത്തിയിട്ടുള്ള തുകകൾ പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നതിനാലും ധനപുനഃക്രമീകരണത്തിന് ആവശ്യമായ തുക എംപ്ലോയ്മെന്റ് വകുപ്പിന്റെ മറ്റുള്ള ശീർഷകങ്ങളിൽ നിന്നും കണ്ടെത്തുവാൻ സാധിച്ചില്ല എന്ന വിവരം എംപ്ലോയ്മെന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2230-02-101-89—<u>പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ</u>

വിഹിതം : 79,51,000 രൂപ (പദ്ധതിയേതരം)

ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റുകളും ഫാക്കൽറ്റികൾക്കുള്ള ഓണറേറിയവും വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ മറ്റു ചെലവുകൾ-മറ്റിനം [34 (03)] ഇനത്തിൽ 3,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവപരിമിതിമൂലം സമിതി ശിപാർശ അനുസരിച്ചുള്ള അധികതുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

2230-03-101-66-36—<u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് ധനസഹായം</u>

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ള ഇൻഡസ്ട്രിയൽ കം എന്റർടൈൻമെന്റ് ടൂർ സംഘടിപ്പിക്കുന്നതിനും ILSM-ന്റെ (KILE CAMPUS) അടിസ്ഥാനനിർമ്മാണ പുരോഗതിക്കായി സ്ഥലം വാങ്ങുന്നതുൾപ്പെടെയുള്ള ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കും Existing Scheme-ലെ മറ്റ് പ്രവർത്തനങ്ങൾക്കും ടി തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10,48,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അനുവദിച്ചതുക പൂർണ്ണമായും വിനിയോഗിച്ചശേഷം അധികതുക ആവശ്യമെങ്കിൽ വിശദാംശങ്ങൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ കിലെയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. പദ്ധതിയിനത്തിൽ അനുവദിച്ച തുകയുടെ 98.17% 30-3-2019-ഓടുകൂടിയാണ് കിലെയ്ക്ക് വിനിയോഗിച്ചുതീർക്കാനായത്. ആയതിനാൽ സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2230-03-101-66—<u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് ധനസഹായം</u>

വിഹിതം : 25,34,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് ദൈനംദിന ചെലവുകൾക്കും കൂടി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9,54,800 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവപരിമിതിമൂലം സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2230-01-101-96—<u>വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ</u>

വിഹിതം : 86,12,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി വിവരസാങ്കേതിക വിദ്യ (99) എന്ന ഇനത്തിൽ 4,95,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല

<u>ശിപാർശ</u>

2230-01-101-95—<u>വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്</u>

വിഹിതം : 91,82,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട് എന്ന സ്ഥാപനത്തിന് വിവര സാങ്കേതികവിദ്യ (99) എന്ന ശീർഷകത്തിൽ 3,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ കോഴിക്കോട് വ്യാവസായിക ട്രിബ്യൂണലിന് 2,12,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

2230-01-101-91—<u>തൊഴിൽ കോടതി, എറണാകുളം</u>

വിഹിതം : 78,18,000 രൂപ (പദ്ധതിയേതരം)

തൊഴിൽ കോടതി, എറണാകുളം എന്ന സ്ഥാപനത്തിന്റെ നിലവിലുള്ള ഓഫീസ് കാർ ഉപയോഗയോഗ്യമല്ലാത്തതിനാൽ നിരവധി കേസുകൾ പെൻഡിംഗിലാവുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി സ്ഥാപനത്തിന് പുതിയ കാർ വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 10,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

തൊഴിൽ കോടതി, എറണാകുളത്തിന് പുതിയ കാർ വാങ്ങുന്നതിന് [21(1)] ഇനത്തിൽ 7,59,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി.

ശിപാർശ

2230-01-101-89—ലേബർ കോടതി, കണ്ണൂർ

വിഹിതം : 72,20,000 രൂപ

ലേബർ കോടതി, കണ്ണൂർ എന്ന സ്ഥാപനത്തിന് മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] എന്ന ഇനത്തിൽ 5,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി

തൊഴിൽ കോടതി, കണ്ണൂരിന് മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] എന്ന ഇനത്തിൽ 29,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി.

ശിപാർശ

2230-01-101-86—വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം : 84,01,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി എന്ന സ്ഥാപനത്തിലേക്ക് മോട്ടോർവാഹനങ്ങൾ (21) ഇനത്തിൽ 8,00,000 രൂപയും വിവരസാങ്കേതിക വിദ്യ (99) ഇനത്തിൽ 9,73,000 രൂപയും വാഹനങ്ങളുടെ വാടക (97) ഇനത്തിൽ 1,66,000 രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 1,23,000 രൂപയും ഉൾപ്പെടെ ആകെ 20,62,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക പ്രയാസംമൂലം സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2230-01-101-85—<u>വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്</u>

വിഹിതം : 26,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട് എന്ന സ്ഥാപനത്തിലേക്ക് വിവരസാങ്കേതിക വിദ്യ (99) ഇനത്തിൽ 2,74,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

(ഖണ്ഡിക 63)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിവരസാങ്കേതിക വിദ്യ (99) ഇനത്തിൽ പാലക്കാട് വ്യാവസായിക ട്രിബ്യൂണലിന് 1,80,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

2230-01-101-80—<u>വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം</u>

വിഹിതം : 1,10,48,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനാവശ്യമായ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1,50,000 രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 20,000 രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 15,00,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 20,00,000 രൂപയും ഉൾപ്പെടെ 36,70,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സർക്കാരിന്റെ സാമ്പത്തിക പ്രയാസംമൂലം സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

**ധനകാര്യ (നോഡൽ-ബി) വകുപ്പ്**

<u>ശിപാർശ</u>

4250-00-800-99—<u>നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട്</u>

വിഹിതം : 141,00,00,000 രൂപ (പദ്ധതി)

നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട് ഒരു കോടി രൂപയായി ഏഴു വർഷം മുമ്പാണ് പരിഷ്കരിച്ചത്. എന്നാൽ ഈ ഏഴു വർഷത്തിനുള്ളിൽ പൊതുമരാമത്തു വകുപ്പ് നാല് പ്രാവശ്യം ഷെഡ്യൂൾ പരിഷ്കരിച്ചിട്ടുള്ളതിനാലും നിർമ്മാണ സാമഗ്രികളുടെ വില അമിതമായി വർദ്ധിച്ച സാഹചര്യത്തിലും നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ടിലേക്ക് 2018-19 സാമ്പത്തിക് വർഷം അനുവദിച്ചിരിക്കുന്ന തുക വളരെ കുറവാണെന്നു സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 141,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി ഇനത്തിൽ 4250-00-800-99 എന്ന ശീർഷകത്തിൽ ഓരോ സാമ്പത്തിക വർഷത്തിലും അനുവദിച്ച് വരുന്ന 141 കോ[illegible] രൂപ അതത് വർഷങ്ങളിൽ ചെലവഴിക്കാതെ ജില്ലാ കളക്ടറുടെ ടി.എസ്.ബി. അക്കൗണ്ടി[illegible] വർഷങ്ങളായി പാർക്ക് ചെയ്തിരിക്കുന്നതായി അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്തിട്ടു[illegible] ഈ സാഹചര്യത്തിൽ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയ്ക്കായി അധിക തു[illegible] ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കേണ്ട ആവശ്യമില്ല എന്[illegible] സർക്കാർ തീരുമാനിച്ചു.

<u>ശിപാർശ</u>

2210-01-102-98—<u>ഡിസ്പെൻസറികൾ</u>

വിഹിതം : 177,97,39,000 രൂപ (പദ്ധതിയേതരം)

ഡിസ്പെൻസറികളിൽ 2018-19 സാമ്പത്തിക വർഷത്തിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി തസ്തികയിലേയ്ക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്ന മെഡിക്കൽ ഓഫീസർമാർക്ക് ശമ്പളം നൽകുന്നതിനായി കൺസോളിഡേറ്റഡ് പേ [02(4)] ഇനത്തിൽ 2,50,00,000 രൂപയും 2018-19-ലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിലെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സാധനസാമഗ്രികൾ (24) ഇനത്തിൽ 3,00,00,000 രൂപയും ഉൾപ്പെടെ ആകെ 5,50,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടി

2210-01-102-98-02-4—ശീർഷകത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക പര്യാപ്തമായിരുന്നതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കേണ്ടി വന്നില്ല.

2210-01-102-98-24 (സാധനസാമഗ്രികൾ) എന്ന ശീർഷകത്തിൽ 19,89,000 (പത്തൊൻപത് ലക്ഷത്തി എൺപത്തി ഒൻപതിനായിരം രൂപ) റീ അപ്രോപ്രിയേഷൻ (ധനപുനഃവിനിയോഗം) വഴി അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ

2210-01-102-96—ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികൾക്കുള്ള ചെലവ്

വിഹിതം : 64,09,52,000 രൂപ (പദ്ധതിയേതരം)

ഇ.എസ്.ഐ. യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികളുടെ 2018-19 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംപേഴ്സ്മെന്റ് (04) ഇനത്തിൽ 3,00,00,000 രൂപയും സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ (03) ഇനത്തിൽ 10,00,00,000 രൂപയും ഉപകരണങ്ങൾ (07) ഇനത്തിൽ 20,00,00,000 രൂപയും സംരക്ഷണവും അറ്റകുറ്റപ്പണികളും (08) ഇനത്തിൽ 25,00,000 രൂപയും വൈദ്യസുരക്ഷ നൽകുന്നതിനുവേണ്ടിയുള്ള ചെലവ് (12) ഇനത്തിൽ 2,00,00,000 രൂപയും ഉൾപ്പെടെ 35,25,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സർക്കാർ സ്വീകരിച്ച നടപടി

2018-19 സാമ്പത്തികവർഷം 2,000 രൂപയിൽ താഴെ വരുന്ന മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ബില്ലുകളും സ്പെഷ്യാലിറ്റി ചികിത്സയുടെയും സ്പെഷ്യാലിറ്റി എം. പാനൽ ആശുപത്രികളുടെയും ബില്ലുകളും കുറവായതിനാൽ 2210-01-102-96-04 (മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംപേഴ്സ്മെന്റ്) ഇനത്തിലും 2210-01-102-96-03 (സ്പെഷ്യാലിറ്റി/സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ) ഇനത്തിലും അധിക തുക ആവശ്യമായി വന്നില്ല .

2018-19 സാമ്പത്തിക വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്ന ചില ശിപാർശകൾ ഇ.എസ്.ഐ. കോർപ്പറേഷൻ അംഗീകരിക്കാത്തതിനാലും പുതിയ മെഡിക്കൽ ഉപകരണങ്ങൾക്ക് കേരള മെഡിക്കൽ സപ്ലൈസ് കോർപ്പറേഷനിൽ റണ്ണിംഗ് കോൺട്രാക്ട് നിലവിലില്ലാതിരുന്നതിനാലും 2210-01-102-96-07 (ഉപകരണങ്ങൾ) ഇനത്തിലും അധിക തുക ആവശ്യമായി വന്നില്ല.

2210-01-102-96-08 (സംരക്ഷണവും അറ്റകുറ്റപ്പണികളും) ശീർഷകത്തിൽ 5,00,000 (അഞ്ച് ലക്ഷം രൂപ) റീ അപ്രോപ്രിയേഷൻ (ധനപുനഃവിനിയോഗം) വഴി അനുവദിച്ച് നൽകിയിട്ടുണ്ട്.

2210-01-102-96-12 (വൈദ്യസുരക്ഷ നൽകുന്നതിന് വേണ്ടിയുള്ള ചെലവ്) ശീർഷകത്തിൽ അധികമായി തുക അനുവദിച്ചിട്ടില്ല.

**ഊർജ്ജ വകുപ്പ്**

<u>ശിപാർശ</u>

2801-80-101-99-33—<u>വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം സബ്സിഡികൾ</u>

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെ താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡിയിൽ 2018-19 വർഷത്തിൽ തുടരുന്നതിന് 768,24,00,000 രൂപയും കൂടാതെ 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി 2018-19-ൽ തുടരുന്നതിന് 80,00,000 രൂപയും ഉൾപ്പെടെ 769,04,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രതിമാസം 120 യൂണിറ്റിൽ താഴെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്ന് ഒഴിവാക്കിയതുമൂലമുള്ള നഷ്ടം പരിഹരിക്കുന്നതിന് 2016-17 വരെ കെ.എസ്.ഇ.ബി.-ക്ക് ലഭിക്കേണ്ട ആകെ തുകയായ 1285.31 കോടി രൂപ ബോർഡ് സർക്കാരിന് നൽകേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയായി 17-6-2017-ലെ ബോർഡ് ഉത്തരവ് പ്രകാരം തട്ടിക്കിഴിക്കുകയുണ്ടായി. 2017-18-ലും 2018-19-ലുമായി പ്രസ്തുത ഇനത്തിൽ നൽകേണ്ട ആകെ തുകയായ 769.04 കോടി രൂപ അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2801-80-101-92—<u>കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം</u>

വിഹിതം : 52,40,00,000 രൂപ (പദ്ധതിയേതരം)

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന്, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായത്തിന് 2016-17-ലും 2017-18-ലുമായി ലഭിക്കേണ്ട ആകെ 104,80,00,000 രൂപയിൽ 52,40,00,000 രൂപയുടെ ബഡ്ജറ്റ് വിഹിതം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും 2017-18-ൽ ലഭിക്കേണ്ട ബാക്കി തുകയായ 22,40,00,000 രൂപ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയത് കൂടി ഉൾപ്പെടുത്തി ഈ ശീർഷകത്തിൽ 74,80,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന വാർഷിക ധനസഹായമായ 52.40 കോടി രൂപയിൽ 2016-17-ലും 2017-18-ലുമായി ലഭിക്കേണ്ട ആകെ 104.80 കോടി രൂപയിൽ 52.40 കോടി രൂപ ബഡ്ജറ്റ് വിഹിതമായി 2017-18-ൽ അനുവദിക്കുകയും പ്രസ്തുത 52.40 കോടി രൂപ 2017-18-ൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 2017-18-ലെ കുടിശ്ശിക വിഹിതമായ 52.40 കോടി രൂപ 2018-19 ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2801-80-190-99—<u>നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾ (LACADS)</u>

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾക്കായി പുതുക്കിയ ബഡ്ജറ്റിൽ അനുവദിച്ച 1,00,00,000 രൂപ 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതി (LACADS) ഫണ്ടിൽ ഉൾപ്പെടുത്തിയ സോളാർ, എൽ.ഇ.ഡി. തെരുവുവിളക്കുകൾ തുടങ്ങിയ 10 പ്രവൃത്തികൾ ചെയ്യുന്നതിന് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6,93,48,627 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സർക്കാർ സ്വീകരിച്ച നടപടി

ലെജിസ്ലേറ്റീവ് അസംബ്ലി കോൺസ്റ്റിറ്റ്യൻസി അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 10 പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ഭരണാനുമതി 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ നൽകുകയും ആകെ 2,94,72,050 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾക്കായി ഇനി 5,65,04,627 രൂപയാണ് നൽകുവാനുള്ളത്. പ്രസ്തുത തുക ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടില്ല .

ശിപാർശ

4801-80-101-98—നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം എന്ന പദ്ധതിയ്ക്കായി പുതുക്കിയ ബഡ്ജറ്റിൽ അനുവദിച്ച 1,00,00,000 രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7,82,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സർക്കാർ സ്വീകരിച്ച നടപടി

സമ്പൂർണ്ണ വൈദ്യുതി പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് ഈ സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

പുതിയ ശീർഷകം അനുവദിക്കുന്നതിന്

2 MW ശേഷിയുള്ള അപ്പർ കല്ലാർ ചെറുകിട ജലസേചന പദ്ധതി സ്ഥാപിക്കുന്നതിനും NABARD (RIDF) ലോണായും സംസ്ഥാന വിഹിതമായും വിവിധ ചെറുകിട വൈദ്യുത പദ്ധതികളും സോളാർ പദ്ധതികളും നടപ്പിലാക്കാനുമായി ആകെ 110,86,50,000 രൂപ ആവശ്യപ്പെട്ടതിൽ 2016-17-ൽ അനുവദിച്ച 3,61,40,000 രൂപ 2017-18-ൽ അഡീഷണൽ ഓതറൈസേഷൻ വഴി ലഭിച്ചിട്ടുള്ളതല്ലാതെ പുതുക്കിയ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു . ആയതിനാൽ New Service head അനുവദിച്ച് 39,50,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

(ഖണ്ഡിക 72)

<u>സർക്കാർ സ്വീകരിച്ച നടപടി (ഊർജ്ജ വകുപ്പ്)</u>

18.07 കോടി രൂപയുടെ നബാർഡിന്റെ RIDF XXI ലോൺ ഉൾപ്പെടെ 25.07 കോടി രൂപയുള്ള ഭരണാനുമതി 20-1-2016-ൽ നൽകിയിട്ടുണ്ട്. 19-2-2016-ൽ നബാർഡ് 18.07 കോടി രൂപയുള്ള RIDF ലോൺ അനുവദിച്ചിട്ടുണ്ട്. 2016-17-ൽ അനുവദിച്ച 3.614 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ വഴി 21-6-2017-ൽ ലഭ്യമാക്കിയിട്ടുണ്ട്. 2018-19-ൽ ഈ പദ്ധതിക്കുവേണ്ടി ബഡ്ജറ്റ് വിഹിതമൊന്നും അനുവദിച്ചിട്ടില്ല.

<u>സർക്കാർ സ്വീകരിച്ച നടപടി (ധനകാര്യ വകുപ്പ്)</u>

'6801-00-190-85—Loans to KSEB Ltd. For establishing Upper Kallar Small Hydro Electric Project 2.0 MW (Plan)' എന്ന ശീർഷകം ടി പദ്ധതിക്കായി സർക്കാർ 2016-17-ൽ അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി 361.4 ലക്ഷം രൂപ സർക്കാർ നൽകിയിട്ടുമുണ്ട്. ശേഷിക്കുന്ന നബാർഡ് വായ്പാ വിഹിതം പദ്ധതി നിർവ്വഹണ പുരോഗതി അനുസരിച്ച് സമർപ്പിക്കപ്പെടുന്ന റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിന്റെ അടിസ്ഥാനത്തിൽ നബാർഡിൽ നിന്നും വായ്പ ലഭിക്കുന്ന മുറയ്ക്കാണ് നൽകുന്നത്. പദ്ധതിക്ക് ഇതുവരെ 213.32 ലക്ഷം രൂപയുടെ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്. എന്നാൽ അതിന് അനുസൃതമായി സർക്കാർ നൽകേണ്ട ഫണ്ടിനുള്ള ശിപാർശ ഇതുവരെയും ഭരണവകുപ്പിൽ നിന്നും ഈ വകുപ്പിന് ലഭിച്ചിട്ടില്ല. അത് അടിയന്തരമായി ലഭ്യമാക്കുവാൻ ഭരണവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

<u>ശിപാർശ</u>

<u>ശീർഷകം പുനഃസ്ഥാപിക്കുന്നതിന്</u>

2017-18 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിരുന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ താഴെപ്പറയുന്ന പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ശീർഷകം പുനഃസ്ഥാപിച്ച് താഴെപ്പറയും പ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(1) RGGVY സംസ്ഥാന വിഹിതമായി (പഴയ-ശീർഷകം-2801-80-101-90) 2,44,00,000 രൂപ.

[ഖണ്ഡിക 73(1)]

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരളത്തിലെ 14 ജില്ലകളിലും RGGVY പദ്ധതി നടപ്പിലാക്കുന്നതിന് ആകെ അംഗീകരിച്ച തുക 224.4 കോടി രൂപയാണ്. ഇതിന്റെ 10 ശതമാനം ആയ 22.44 കോടി രൂപ സംസ്ഥാന വിഹിതമായി ലഭിക്കുന്നതിനുവേണ്ടി 2014-15-ൽ ധനാഭ്യർത്ഥനയിന്മേൽ, 10 കോടി രൂപ അനുവദിക്കുകയും, 16-9-2015-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭ്യമാക്കുകയും ചെയ്തു.

26-8-2015-ൽ സംസ്ഥാന വിഹിതത്തിന്റെ ബാക്കി തുകയായ 12.44 കോടി രൂപയുള്ള അനുമതി നൽകിയതിൽ 31-10-2016-ൽ 10 കോടി രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകി. ബാക്കി തുകയായ 2.44 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടില്ല.

ശിപാർശ

(2) പദ്ധതി 2018 ജൂണിൽ പൂർത്തീകരിക്കേണ്ടതിനാൽ DDUGJY സംസ്ഥാന വിഹിതം-മുട്ടത്തറ (പഴയ ശീർഷകം-2801-80-101-87) പ്ലാൻ ആയി 48,30,00,000 രൂപ.

[ഖണ്ഡിക 73(2)]

സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിലെ 14 ജില്ലകളിലും DDUGJY പദ്ധതി നടപ്പിലാക്കുന്നതിന് ആകെ അംഗീകരിച്ച തുക 482.96 കോടി രൂപയാണ്. ഇതിന്റെ 10 ശതമാനമായ (സംസ്ഥാന വിഹിതം) 48.3 കോടി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടില്ല.

ശിപാർശ

(3) പദ്ധതി ഡിസംബർ 2018-ൽ പൂർത്തീകരിക്കേണ്ടതിനാൽ IPDS സംസ്ഥാന വിഹിതം (പഴയ ശീർഷകം-2801-80-101-86) (പ്ലാൻ) ആയി 459,21,00,000 രൂപ.

[ഖണ്ഡിക 73 (3)]

സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിലെ 14 ജില്ലകളിലെ 63 ടൗണുകളിലായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആകെ അംഗീകരിച്ച തുക 597.07 കോടി രൂപയാണ്. ഇതിന്റെ 10 ശതമാനം ആയ 59.207 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടില്ല.

ശിപാർശ

(4) തിരുവനന്തപുരം മുട്ടത്തറയിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനു വേണ്ടി 13-2-2015-ലെ സർക്കാർ ഉത്തരവ് നമ്പർ (MS) 7/2015 PD പ്രകാരം 45,76,00,000 രൂപ അനുവദിച്ചതിൽ 3,62,81,000 രൂപ മാത്രമാണ് 2015-16 സാമ്പത്തിക വർഷം ലഭ്യമായിട്ടുള്ളതെന്നും 2018-19 സാമ്പത്തിക വർഷത്തിൽ പഴയ ശീർഷകം 4801-80-101-99-മുട്ടത്തറ സബ്സ്റ്റേഷൻ എന്ന ശീർഷകം നിലനിർത്തിയിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ആയതിലേക്ക് 41,04,00,000 രൂപ.

[ഖണ്ഡിക 73 (4)]

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മുട്ടത്തറ 110 കെ.വി. സബ് സ്റ്റേഷന്റെ site levelling പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. Compound Wall, Control room building, retaining wall എന്നിവയുടെ നിർമ്മാണവും പുരോഗമിച്ചു വരുന്നു. വേളി സ്റ്റേഷനിൽ മുട്ടത്തറ സബ് സ്റ്റേഷനു വേണ്ടിയുള്ള 110 കെ.വി. feeder bay നിർമ്മാണം 86% പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വേളി സബ് സ്റ്റേഷനിൽ നിന്നും മുട്ടത്തറ സബ് സ്റ്റേഷൻ വരെ 9 കി.മീ. നീളത്തിൽ 110 കെ.വി. ഭൂഗർഭ കേബിൾ ഇടുന്നതുമായി ബന്ധപ്പെട്ട് ദർഘാസ് നടപടികൾ പൂർത്തിയായി വരുന്നു. പ്രസ്തുത പദ്ധതി 2019 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിക്ക് 2015-16 സാമ്പത്തിക വർഷത്തിൽ 3.6821 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2810-00-800-93—<u>എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം</u>

വിഹിതം : 91,36,000 രൂപ (പദ്ധതിയേതരം)

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ, സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഈ ശീർഷകത്തിൽ 2,41,39,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2810-00-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം എന്ന ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 91.36 ലക്ഷം രൂപയും 2019 ജനുവരി മാസത്തോടുകൂടി എനർജി മാനേജ്മെന്റ് സെന്ററിന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. സമിതി ടി ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്ത തുക 2018-ലെ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ എനർജി മാനേജ്മെന്റ് സെന്റർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായില്ല.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2019 ജൂൺ 28.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.